"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.സൗമ്യ വി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21270/2021 ലെ 06.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2381/2022/GEDN തീയതി,തിരുവനന്തപുരം, 12-04-2022

പരാമർശം:-

1. ശ്രീമതി.സൗമ്യ വിയുടെ 09.09.2021 ലെ ഹർജി(എക്സിബിറ്റ് പി14)
2. ശ്രീമതി.സൗമ്യ വി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21270/2021 ലെ 06.10.2021 ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.01.2022 ലെ ബി6/3897/2021 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.01.2022 ലെ ഡി.ഡി.ഇ.കെ.എൽ.എം./13677/2021-ബി3 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.01.2022 ലെ ഇറ്റി1/14809/2021/ഡി.ജി.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച് എസ്. ടി(എസ്. എസ്) ശ്രീമതി. സൗമ്യ വി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21270/2021 ലെ 06.10.2021 ലെ വിധിന്യായത്തിൽ, ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി14 ഹർജി, ഹർജിക്കാരിയെയും 5 - ാം എതിർ കക്ഷിയേയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രഗിൾ മീറ്റ് വഴി 25 . 01 .2022- ന് ഗ്രഗിൾ മീറ്റ് വഴി കേട്ടു . ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു .

"ഹർജിക്കാരിയായ ശ്രീമതി.സൗമ്യ.വി യെ കൊല്ലം വിദ്യാഭ്യാസ ജില്ലയിൽപെട്ട പാരിപ്പള്ളി അമൃത സംസ്കൃതം ഹയർസെക്കന്ററി സ്കൂളിൽ മാനേജർ 17/07/2008 പ്രാബല്യത്തിൽ യു.പി.എസ്.എ അധിക തസ്തികയിൽ നിയമിച്ചു. 2008-2009-ൽ അനുവദനീയമായ അധിക തസ്തികയിലാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളതെന്ന് നിയമന ഉത്തരവിൽ നിന്നും കാണാവുന്നതാണ്. അപ്രകാരം ഹർ ജിക്കാരി 17/07/2008 മുതൽ തന്നെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി പ്രധാനാദ്ധ്യാപിക സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

17/07/2008 മുതലുള്ള നിയമനാംഗീകാരത്തിനുള്ള ശുപാർശ യഥാസമയം മാനേജർ കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും ഒഴിവ് സ്ഥാപിതമായിട്ടില്ല, 28/06/2002-ലെ ജി.ഒ(പി) 178/2002/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ച് ഉത്തരവായി.

17/07/2008 മുതൽ അനുവദനീയമായ അധിക തസ്തികയിലാണ് മാനേജർ ഹർജിക്കാരിയെ നിയമിച്ചത്. 17/08/2005-ലെ ജി.ഒ(പി) 317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2006-2007 അക്കാദമിക വർഷം മുതൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിരുന്നു. അക്കാരണത്താൽ തന്നെ തസ്തിക നിലവിലില്ലാത്തതിനാൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാൻ കഴിയില്ല. ശമ്പള സ്കെയിലിൽ സംരക്ഷിതാദ്ധ്യാപകൻ എന്ന നിലയിൽ ശമ്പളം കൈപ്പറ്റുന്ന അദ്ധ്യാപകനെ അനുവദിക്കാത്ത തസ്തികയിൽ പുനർവിന്യാസത്തിലൂടെ നിയമിക്കാൻ സാധ്യമല്ലാത്തതിനാൽ, സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തടസ്സവാദം അപ്രസക്തമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ 17/07/2008 മുതൽ നിയമനാംഗീകാരമില്ലാതെ തുടർന്നുവന്ന ഹർജിക്കാരിയെ മാനേജർ 2008-2009 അക്കാദമിക വർഷത്തിൽ അനുവദനീയവും തുടർന്നുവരുന്നതുമായ ഇതേ തസ്തികയിൽ തന്നെ 01/06/2009 മുതൽ പുനർ നിയമിച്ചു. എന്നാൽ 2008-2009 മുതൽ അധിക തസ്തിക അനുവദിക്കുന്നതിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിലും പിന്നീട് സർക്കാർ പുറപ്പെടുവിച്ച 12/01/2010-ലെ ജി.ഒ(പി) 10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായി.

എന്നാൽ മാനേജർ 17/07/2008 മുതൽ യു.പി.എസ്.എ അധിക തസ്തികയിൽ തുടർന്നുവരികയായിരുന്ന ഹർജിക്കാരിയെ വീണ്ടും 2008-2009 ൽ അനുവദിച്ച ഇതേ തസ്തികയിൽ 01/06/2010 മുതൽ നിയമിച്ചു. എന്നാൽ 2008-2009 മുതൽ നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് 12/01/2010 ലെ ജി.ഒ(പി) 10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായി.

അപ്രകാരം 17/07/2008 മുതൽ തുടർച്ചയായി അധിക തസ്തികയിൽ നിയമനാംഗീകാരമില്ലാതെ തുടരവെ 01/10/2011-ലെ ജി.ഒ.(പി) 199/2011/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/06/2011 പ്രാബല്യത്തിൽ നടപ്പിൽ വന്ന അദ്ധ്യാപക പാക്കേജ് പ്രകാരം ഹർജിക്കാരിയുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം 01/06/2011 പ്രാബല്യത്തിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ

ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്.

തുടർന്ന് ഹർജിക്കാരിയെ 01/06/2011 പ്രാബല്യത്തിൽ വിരമിക്കൽ മൂലമുണ്ടായ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിക്കുകയും പ്രസ്തുത സ്ഥാനക്കയറ്റ നിയമനം കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ഹർജിക്കാരിയുടെ 17/07/2008 മുതൽ 31/05/2011 വരെയുള്ള യു.പി.എസ്.എ തസ്തികയിലെ നിയമനാംഗീകാരമാണ് സർക്കാർ കോടതിവിധിയ്ക്ക് അനുസൃതമായി പരിഗണനയിലെടുക്കേണ്ടത്.

താഴെ പറയുന്ന കാരണങ്ങളാൽ ഹർജിക്കാരിയുടെ ആദ്യ നിയമന തീയതിയായ 17/07/2008 മുതൽ 31/05/2011 വരെയുള്ള യു.പി.എസ്.എ അധിക തസ്തികയിലുള്ള നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

<u>കാരണങ്ങൾ</u>

1. നിയമന നിരോധന കാലയളവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 01/06/2010 ന് ശേഷമുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെ 1:1 അനുപാതത്തിൽ (സംരക്ഷിതാദ്ധ്യാപകൻ/മാനേജരുടെ നിയമനം) നിയമിച്ചുകൊള്ളാമെന്ന് മാനേജർ ബോണ്ട് സമർപ്പിക്കുന്ന പക്ഷം അധിക തസ്തികയിലെ നിയമന നിരോധന കാലയളവിലെ നിയമനം നിയമന തീയതിമുതൽ തന്നെ അംഗീകരിക്കുന്നതിന് സർക്കാർ ഉത്തരവായി. എന്നാൽ ഇപ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചില്ല തുടർന്ന് 01/10/2011-ലെ ജി.ഒ (പി) 199/2011/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 25/10/2011-ലെ 60930/ജെ2/2011/പൊ.വി.വ നമ്പർ പ്രകാരമുള്ള വിശദീകരണ കത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾക്ക് 01/10/2011 മുതൽക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് സർക്കാർ തീരുമാനമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക പാക്കേജ് തീയതിയായ 01/06/2011പ്രാബല്യത്തിൽ ഹർജിക്കാരിയുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളത്.

2. നിയമന നിരോധന കാലയളവിൽ മാനേജർ ബോണ്ട് സമർപ്പിച്ചില്ല എന്ന കാരണത്താൽ നിയമനാംഗീകാരം ലഭിക്കാതിരുന്ന നിരവധി അദ്ധ്യാപകർ കേരളാ

ഹൈക്കോടതിയിൽ തങ്ങളുടെ നിയമന നിരോധന കാലഘട്ടത്തിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി ഹർജികൾ ഫയൽ ചെയ്തിരുന്നു. ഇത്തരം ഹർജികളിലെ വിധിന്യായത്തിൽ മാനേജർ ബോണ്ട് സമർപ്പിക്കാത്തതുകാരണം അദ്ധ്യാപകരുടെ നിയമനാംഗീകാരം നിഷേധിക്കുന്നത് ക്രമപ്രകാരമല്ലെന്നും ആയതിനാൽ മാനേജർമാർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമനങ്ങൾ അംഗീകരിക്കുന്നതിന് കോടതി വിധിയായി. പ്രസ്തുത കോടതി വിധികൾക്കെതിരെ സർക്കാർ കേരള ഹൈക്കോടതി ഡിവിഷൻബെഞ്ച് മുമ്പാകെ റിട്ട് അപ്പീലുകൾ ഫയൽ ചെയ്തു. എന്നാൽ WA No. 2290/2015 തുടങ്ങിയ ഇത്തരം റിട്ട് അപ്പീലുകളിലെ വിധിന്യായങ്ങളിൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമന നിരോധന കാലയളവുകളിലെ നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഹർജിക്കാരിയുടെ നിയമനം മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിക്കുന്നതിനാണ് പരിഗണനാവിഷയമായ വിധിന്യായത്തിൽ കോടതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളത്.

3. 25/10/2011-ലെ 60930/ജെ2/2011/പൊ.വി.വ നമ്പർ സർക്കാർ വിശദീകരണ കത്തിൽ 01/06/2011 മുതൽ നിയമനം അംഗീകരിക്കുമ്പോൾ 01/06/2011-ന് മുമ്പുള്ള സേവനകാലയളവ് കെ.ഇ.ആർ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഓരോ കേസ്സും പ്രത്യേകം പ്രത്യേകം പരിഗണിക്കുന്നതാണ് എന്ന് സർക്കാർ വിശദീകരിച്ചിരുന്നു. തുടർ ന്ന് 11/08/2014-ലെ സ.ഉ (പി)/154/2014/പൊ.വി.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വിജ്ഞാപനപ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയിൽ 01/06/2011 ന് മുമ്പുള്ള സേവന കാലയളവ് പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനമെടുത്തുവെങ്കിലും 17/12/2015-ലെ WP(C) 19008/2013 നമ്പർ റിട്ട് ഹർജി തുടങ്ങിയ നിരവധി റിട്ട് ഹർജികളിലെ പൊതുവിധിന്യായത്തിൽ പ്രസ്തുത ഭേദഗതി കോടതി റദ്ദാക്കി ആയതിനാൽ 01/06/2011 ന് മുമ്പ് 17/07/2008 മുതലുള്ള ഹർജിക്കാരിയുടെ സേവനകാലയളവ് അംഗികരിക്കപ്പെടേണ്ടതാണ്.

4. ഈ സ്കൂൾ പുതുതായി തുടങ്ങിയ സ്കൂളുകളുടെ ഗണത്തിൽ പെട്ടതാണെങ്കിലും നിയമന നിരോധനകാലയളവിൽ പുതുതായി തുറന്ന സ്കൂളെന്ന നിലയിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാൻ കഴിയുമായിരുന്നില്ല. നിയമന നിരോധനം നിലനിൽക്കുന്നതിനാൽ തസ്തിക തന്നെ അനുവദിക്കുന്നത്. 12/01/2010-ലെ ജി.ഒ (പി)10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്. ആയതിനാൽ കുട്ടികളുടെ

സംഖ്യാബലത്തിന് അനുസൃതമായി അധിക തസ്തികകൾ അനുവദിക്കുന്നത് തന്നെ നിയമന നിരോധനം പിൻവലിച്ചതിന് ശേഷമാണ്. അക്കാരണത്താൽ തന്നെ നിലവിലില്ലാത്ത തസ്തികയിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാൻ കഴിയുമായിരുന്നില്ല. 01/06/2010-ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ മാത്രമാണ് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാൻ കഴിയുന്നത്. ആയതിനാൽ തന്നെ നിയമന നിരോധന കാലയളവിൽ 01/02/2006-ലെ ജി.ഒ(പി) 46/2006/പൊ.വി.വ നമ്പർ ഉത്തരവിന് അനുസൃതമായി സംരക്ഷിത അദ്ധ്യാപകരെ പുതുതായി തുടങ്ങിയ സ്കൂളെന്ന നിലയിൽ നിയമിക്കാൻ കഴിയുന്നതല്ല.

5. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർസെക്കന്ററി സ്കൂളിലെ ശ്രീ.എ.വി.വിമൽകുമാർ തുടങ്ങി ആറ് അദ്ധ്യാപകരുടെ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിച്ച കൊണ്ടുള്ള 24/06/2021-ലെ സ.ഉ (സാധാ) 3124/2021/പൊ.വി.വ നമ്പർ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക-2-(3) ൽ ബഹു. കേരളാ ഹൈക്കോടതി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാനേജർ ബോണ്ട് വെച്ചതായി കണക്കിലെടുക്കാൻ അനുമതി നൽകിക്കഴിഞ്ഞാൽ അതേ മാനേജർ ബോണ്ട് വെച്ചതായി കണക്കിലെടുക്കാൻ പ്രസ്തുത മാനേജ്മെന്റിലെ ടീച്ചർമാർ ഫയൽ ചെയ്ത ഓരോ കേസ്സിലും ആവർത്തിച്ച് വ്യക്തമാക്കേണ്ടതില്ല എന്നും അതുകൊണ്ട് ഇതേ മാനേജ്മെന്റിലെ Smt. Bindu R.G & Others ഫയൽ ചെയ്ത WP(C) 28133/2020-ൽ ഉണ്ടായ 16/12/2020-ലെ കോടതിവിധിയിലെ നിർദ്ദേശാനുസരണം മാനേജർ ജി.ഒ(പി) 10/2010 പ്രകാരമുള്ള ബോണ്ട് വച്ചിട്ടുള്ളതായി കണക്കിലെടുത്തുകൊണ്ട് യു.പി.എസ്.എ അധിക തസ്തികയിലെ ശ്രീ.വിമൽകുമാർ എ.വി, ശ്രീമതി. ലത.ടി.എസ് എന്നിവരുടെ നേരിട്ടുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ആയതിനാൽ ഹർജിക്കാരിയുടെ നിയമനങ്ങൾ സമാന സ്വഭാവത്തിൽ പെടുന്നതിനാലും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിക്കുന്നതിന് കോടതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതിനാലും ഹർജിക്കാരിയായ ശ്രീമതി.സൗമ്യ.വി.യുടെ യു.പി.എസ്.എ അധിക തസ്തികയിലെ 17/07/2008 മുതൽ 31/05/2011 വരെയുള്ള സേവനകാലയളവ് അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കോടതി വിധി നടപ്പാക്കി ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു."

2) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാരിപ്പള്ളി അമൃത സംസ്കൃതം എച്ച്.എസ്.എസ് പുതുതായി ആരംഭിച്ച സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. 2008-09 വർഷത്തെ അധിക തസ്തികയിൽ 17/07/2008 മുതൽ യു.പി.എസ്.ടി തസ്തികയിൽ ശ്രീമതി. സൗമ്യ.വി യെ മാനേജർ നിയമിച്ചിരുന്നു 2008-09 വർഷം ജി.ഒ (പി) 317/2005/പൊ.വി.വ തീയതി 17/08/2005 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഉള്ളതിനാലും ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും ടിയാരിയുടെ നിയമനം നിരസിച്ചിരുന്നു. തുടർ ന്ന് 01/06/2009, 01/06/2010 എന്നീ തീയതികളിലെ നിയമനവും ജി.ഒ.(പി) 10/10/പൊ.വി.വ തീയതി 12/01/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാനേജർ നിശ്ചിത ബോണ്ട് സമർപ്പിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്.

ജി.ഒ(പി).10/10/പൊ.വി.വ തീയതി 12/01/2010 ഉത്തരവ് പ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള തസ്തിക നിർണ്ണയം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 2008-09 വർഷം അനുവദിച്ച 3 യു.പി.എസ്.ടി അധിക തസ്തികകളിൽ (ആകെ യു.പി.എസ്.ടി 26) 2-ാം മത്തെ യു.പി.എസ്.ടി അധിക തസ്തികയിൽ (25-ാമത്തെ യു.പി.എസ്.ടി തസ്തിക) ജി.ഒ.(പി) നം. 199/2011 തീയതി 01/10/2011, ഗവൺമെന്റ് സർക്കുലർ നം. ജെ2/60930/2011/പൊ.വി.വ തീയതി 25/10/2011 എന്നീ ഉത്തരവുകളുടെ വെളിച്ചത്തിൽ അദ്ധ്യാപികയുടെ പേര് അദ്ധ്യാപക പാക്കേജിന്റെ ഭാഗമായുള്ള ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ നിയമനം അംഗീകരിച്ച് ഉത്തരവാകുകയാണ് ഉണ്ടായത്. ശ്രീമതി. സൗമ്യ.വി നിയമന തീയതിയായ 17/07/2008 മുതൽ അംഗീകാരം കിട്ടുന്നതിനായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 21270/2021 നമ്പർ റിട്ട് ഹർജിയിന്മേൽ 06/10/2021 ൽ ബഹു. കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നു.

2008-09 വർഷം അനുവദിച്ച യു.പി.എസ്.ടി അധിക തസ്തികകളിൽ 17/07/2008 മുതൽ 31/05/2011 വരെ നിലനിൽക്കുവാൻ തസ്തിക ലഭ്യമാണ്.

ശ്രീമതി. കെ.ജി ലീലാമ്മയുടെ 31/03/2011 ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി. സൗമ്യ.വി യ്ക്ക് 01/06/2011 മുതൽ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ സ്ഥാനക്കയറ്റ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2019-20 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെട്ട് സംരക്ഷിത അദ്ധ്യാപികയായി ചാത്തന്നൂർ എസ്.എൻ ട്രസ്റ്റ് സ്കൂളിൽ ടിയാരി ജോലി ചെയ്തു വരുന്നു.

അമൃത സംസ്കൃതം എച്ച്.എസ്.എസ് ൽ സംരക്ഷിത അദ്ധ്യാപികയായ ശ്രീമതി. രമാകുമാരി, എച്ച്.എസ്.ടി (സംസ്കൃതം) 17/11/2008 മുതൽ ജോലിയിൽ പ്രവേശിക്കുകയും, ടി അദ്ധ്യാപിക 31/05/2016 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം സംരക്ഷിത അദ്ധ്യാപകരെ ആരും തന്നെ നിയമിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു."

3) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"റിട്ട് പെറ്റീഷൻ (സി) നം. 21270/2021 ലെ വാദിയായ ശ്രീമതി. സൗമ്യ.വി.യെ പാരിപ്പള്ളി അമൃത ഹയർ സെക്കന്ററി സ്കൂളിൽ 2008-09 അദ്ധ്യയന വർഷം അനുവദിച്ച യു.പി.എസ്.ടി യുടെ അധിക തസ്തികയിൽ 17/07/2008 മുതൽ നിയമിയ്ക്കുകയുണ്ടായി. ശ്രീമതി. സൗമ്യയുടെ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ ഒഴിവ് സ്ഥിരീകരിച്ചിട്ടില്ലായെന്നും, 28/06/2002 ലെ ജി.ഒ. (പി) 178/2002 ലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്നുമുള്ള പരാമർശത്തോടെ 07/03/2009 ൽ നിരസിയ്ക്കുകയുണ്ടായി. ശ്രീമതി. സൗമ്യയുടെ നിയമനം നിരസിക്കുന്നതിനാധാരമായ ഒഴിവ് സ്ഥിരീകരിച്ചിട്ടില്ലായെന്ന തടസ്സവാദം 2008-2009 മുതലുള്ള അധിക തസ്തിക അനുവദിച്ച് ലഭിച്ചതിനെ തുടർന്ന് ഒഴിവായിട്ടുള്ളതാണ്. പാരിപ്പള്ളി അമൃത ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പുതിയ സ്കൂളുകളുടെ ഗണത്തിൽപെടുന്നതിനാൽ ഹൈസ്കൂൾ വിഭാഗത്തിൽ 01/02/2006 ലെ ജി.ഒ (എം.എസ്) 46/2006/പൊ.വി.വ ഉത്തരവ് പ്രകാരം ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിയ്ക്കുന്നതിന് ബാദ്ധ്യതയുണ്ടായിരുന്നതും അതിന് തയ്യാറുമായിരുന്നു. എന്നാൽ സംരക്ഷിതാദ്ധ്യാപകനായി മാറ്റി വച്ചിരുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ നിയമിച്ചതിനെ തുടർന്ന് 17/11/2008 ൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. സംരക്ഷിതാദ്ധ്യാപക നിയമനം നൽകുന്നതിന് വകുപ്പുതലത്തിൽ ഉണ്ടായ കാലതാമസം മൂലം സംരക്ഷിതാദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്നതിനുണ്ടായ കാലതാമസമാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കുന്നതിന് നിദാനമായി ഉന്നയിച്ച മറ്റൊരു തടസ്സവാദം.

അധികതസ്തികകളിലെ നിയമനങ്ങളിൽ 17/08/2005 ലെ ജി.ഒ (പി) 317/2005/പൊ.വി.വ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയിരുന്ന നിരോധനം 07/01/2020 ലെ ജി.ഒ.(പി) 10/10/പൊ.വി.വ ഉത്തരവ് പ്രകാരം ചില വ്യവസ്ഥകൾ പ്രകാരം പിൻവലിയ്ക്കുകയുണ്ടായി. അതിൻ പ്രകാരം 1:1 റേഷ്യോ പ്രകാരം അധിക തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിയ്ക്കുന്നതിന് തയ്യാറാകാതിരുന്ന സ്കൂളുകളിലെ നിയമനങ്ങൾ 01/10/2011 ലെ ജി.ഒ (പി) 199/2011/പൊ.വി.വ നൽകാമെന്നും എന്നാൽ "പുതിയ നിയമനമാണ് നടത്തിയിട്ടുള്ളതെങ്കിൽ അതിന് അംഗീകാരം പരിഗണിക്കുന്ന വേളയിൽ സംരക്ഷിതാദ്ധ്യാപകന്റെ നിയമനം ടി വിഭാഗത്തിൽ ഉറപ്പാക്കിയിരിക്കണം" എന്നും വ്യവസ്ഥ നിലനിൽക്കേ ശ്രീമതി. പാർവ്വതി.കെ.പി യുടെ പുതിയ

നിയമനം ഹൈസ്കൂൾ വിഭാഗത്തിൽ 07/01/2020 ൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിലാണ് ശ്രീമതി. കൃഷ്ണപ്രിയയുടെ നിയമനം നടത്തുന്ന വേളയിൽ ടിയാരിയുടെ നിയമനം നിരസിയ്ക്കുന്നതിന് നിദാനമായി ഉന്നയിച്ച ആദ്യ തടസ്സവാദം സംബന്ധിച്ച നിയമവശം ശ്രദ്ധയിൽ പെടാതെ പോയിട്ടുള്ളത്.

ഉപ്പട് എം.എം.ഹയർ സെക്കന്ററി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട വിഭാഗത്തിൽ പെടുന്ന സാഹചര്യത്തിൽ മുൻഗണനാവകാശ ക്രമ പ്രകാരമല്ലാതെ ടി വിഭാഗത്തിൽ പുതിയ നിയമനമാണ് നടത്തിയിട്ടുള്ളതെങ്കിൽ അതിന് അംഗീകാരം നൽകുന്നതിന് ടി വിഭാഗത്തിൽ സംരക്ഷിതാദ്ധ്യാപക നിയമനം ഉറപ്പാക്കിയിരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെടാതെ ശ്രീമതി. പാർവ്വതി. കെ.പി.യുടെ നിയമനം 07/01/2020 ൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ എൽ.പി വിഭാഗത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ അംഗീകരിച്ച് നൽകിയ അതേ പരിഗണനയാണ് ശ്രീമതി. കൃഷ്ണ പ്രിയയുടെ 15/07/2021 മുതലുള്ള നിയമനാംഗീകാരത്തിലും അനുവർത്തിക്കേണ്ടത് എന്ന എന്റെ അപേക്ഷ അപ്പീലിലും അത്തരത്തിൽ പരിഗണിയ്ക്കപ്പെട്ടിട്ടില്ല. മാത്രമല്ല ഈ വിഷയത്തിൽ വ്യക്തമായ ഒരു നിർദ്ദേശമോ അഭിപ്രായമോ അപ്പലേറ്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുമില്ല. പുതിയ സ്കൂളിന്റെ ഗണത്തിൽ ഉൾപ്പെടുത്തി കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3) എ യിൽ നിഷ്കർഷിക്കും പ്രകാരമുള്ള ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപിക ഇപ്പോഴും തുടർന്നു വരുന്ന സാഹചര്യത്തിൽ ഇനിയുണ്ടാകുന്ന ഹൈസ്കൂൾ വിഭാഗത്തിലെ ആദ്യ ഒഴിവ് നിലവിലെ സംരക്ഷിതാദ്ധ്യാപികയ്ക്ക് പകരമായി മാറ്റി വയ്ക്കുന്നതിന് മാനേജ്മെന്റിന് പൂർണ്ണ സമ്മതമാണെന്ന് അറിയിച്ചുകൊള്ളുന്നു. അത്തരത്തിൽ അനുമതി നൽകി ശ്രീമതി. കൃഷ്ണപ്രിയയുടെ 15/07/2021 മുതലുള്ള നിയമനം അംഗീകരിച്ച് നൽകുന്നതിന് ഉത്തരവ് നൽകി ഈ റിവിഷൻ അപ്പീലിൽ അനുകൂല ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ശ്രീമതി. കൃഷ്ണപ്രിയയുടെ നിയമനത്തോടൊപ്പം 15/07/2021 മുതൽ യു.പി.എസ്.റ്റി, എൽ.പി.എസ്.റ്റി വിഭാഗത്തിൽ വിരമിക്കൽ ഒഴിവുകളിൽ യഥാക്രമം നിയമിച്ചിരുന്ന ശ്രീമതി. പ്രിയങ്ക.എസിന്റേയും ശ്രീമതി. ശ്യാമ.എസ്.വി.യുടേയും നിയമനങ്ങൾ ഉത്തരവ് പ്രകാരവും അതിൽ ഉൾപ്പെടുത്തിയിരുന്ന ലിസ്റ്റിൽ ഉൾപ്പെട്ട അധിക തസ്തികകളിൽ നിയമിതരായ അദ്ധ്യാപകരുടെ നിയമനങ്ങൾ 01/06/2011 മുതൽ പരിമിതപ്പെടുത്തി അംഗീകരിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. അതിൻ പ്രകാരം 17/07/2008 മുതൽ യു.പി.എസ്.റ്റി യുടെ അധികതസ്തികയിൽ നിയമിതയായ ശ്രീമതി. സൗമ്യയുടെ നിയമനം 01/06/2011 മുതൽ അംഗീകരിച്ച് ലഭിക്കുകയും ടിയാരിയുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ ഹൈസ്കൂൾ വിഭാഗത്തിലുണ്ടായ

എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) യുടെ വിരമിക്കൽ ഒഴിവിൽ സ്ഥാനക്കയറ്റം നൽകിയ നിയമനവും അംഗീകരിക്കുകയുണ്ടായി.

ശ്രീമതി. സൗമ്യ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) 21270/2021 ലെ 06/10/2021 ലെ വിധിന്യായ പ്രകാരം ശ്രീമതി. സൗമ്യയുടെ ആദ്യ നിയമന തീയതി മുതലുള്ള അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച തീർപ്പ് കൽപ്പിക്കുന്നതിനാണ് നിർദ്ദേശം. അധിക തസ്തികകളിലെ നിയമനങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയ നിരോധനം പിൻവലിച്ച് കൊണ്ട് പുറപ്പെടുവിച്ച 07/01/2010 ലെ ജി.ഒ(പി) 10/10/പൊ.വി.വ ഉത്തരവ് പ്രകാരം ഉൾക്കൊള്ളിച്ചിരുന്ന അധികതസ്തികകളിലെ 1:1 റേഷ്യോ പ്രകാരമുള്ള സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥകൾ സംബന്ധിച്ചുള്ള ഹർജികൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. ഈ വിഷയത്തിൽ സുപ്രീം കോടതിയുടെ അന്തിമവിധിയ്ക്ക് അനുസൃതമായി മാത്രം നടപടികൾ സ്വീകരിക്കുന്നതിന് മാനേജ്മെന്റ് പൂർണ്ണമായും തയ്യാറാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു."

4) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ടി സ്കൂളിലെ എച്ച്.എസ്.റ്റി (എസ്.എസ്) അധ്യാപിക ആയിരുന്ന ശ്രീമതി. കെ.ജി.ലീലാമ്മ വിരമിച്ച ഒഴിവിൽ ശ്രീമതി. സൗമ്യ.വി.യെ പ്രൊമോട്ട് ചെയ്ത 01/06/2011 മുതൽ എച്ച്.എസ്.റ്റി (എസ്.എസ്) തസ്തികയിൽ നിയമിച്ചിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെട്ട് സംരക്ഷണ ആനുകൂല്യത്തോടെ ചാത്തന്നൂർ എസ്.എൻ ട്രസ്റ്റ് സ്കൂളിൽ പുനർവിന്യസിച്ചതിൻ പ്രകാരം ജോലി ചെയ്തുവരികയുമാണ്. പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ വരുന്ന ടി സ്കൂളിൽ നിലവിൽ സംരക്ഷിത അധ്യാപകർ ആരും തന്നെ ജോലി ചെയ്യുന്നില്ല എന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹർജിക്കാരി ഫയൽ ചെയ്ത WP(C) No. 21270/2021-ലെ 06/10/2021 വിധിന്യായത്തിൽ "Deeming Provision" ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ടി സ്കൂളിലെ സമാന കേസുകളിൽ "Deeming Provision" പരിഗണിച്ച് സർക്കാർ ഉത്തരവുകൾ നൽകിയിട്ടുള്ളതിനാലും ടി. വസ്തുതകൾ കൂടി കണക്കിലെടുത്ത് പരാതിക്കാരിയുടെ ഹർജിയിന്മേൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

5) മേല്പറഞ്ഞ വസ്തുതകൾ പരിശോധിക്കുമ്പോൾ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാണിക്കും പ്രകാരം ബഹുഃ ഹൈക്കോടതി പ്രസ്തുത മാനേജർ ബോണ്ട് വച്ചിട്ടുള്ളതായി കണക്കിലെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിനാൽ, ഹർജിക്കാരിയുടെ നിയമനം പ്രാരംഭ നിയമനത്തീയതി മുതൽക്കു തന്നെ മാനേജർ ജി.ഒ(പി) 10/10 പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടുള്ളതായി

സ.ഉ.(സാധാ) നം.2381/2022/GEDN

കണക്കിലെടുത്ത് അംഗീകരിച്ച നൽകുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, എക്സിബിറ്റ് പി. 14 ഹർജി തീർപ്പാക്കി അപ്രകാരം കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.സൗമ്യ വി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21270/2021 ലെ 06.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം
ശ്രീമതി.സൗമ്യ വി., എച്ച്.എസ്.എ(സോഷ്യൽ സയൻസ്), അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 18-04-2022 10:30:02
സെക്ഷൻ ഓഫീസർ